## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4395 — 27/06/2013 ൽ മറുപടിയ്ക്ക്

**സബ്ഡിവിഷൻ നമ്പർ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന വിഷയം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) നഗരൂർ ഗ്രാമ പഞ്ചായത്തിലെ, നഗരൂർ വില്ലേജിൽ പൊയ്കവിളയിൽ മാതൃകാ അംഗൻവാടി നിർമ്മിക്കാൻ സ്ഥലം ഏറ്റെടുത്തപ്പോൾ സബ്ഡിവിഷൻ നമ്പർ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) സബ്ഡിവിഷൻ നമ്പർ 134/4, 134/5 എന്നിവയിൽ എത്ര ആർ സ്ഥലം വീതമാണ് സർക്കാർ ഭൂമിയായിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) 134/4 ൽ 16.10 ആർ സ്ഥലവും 134/5 ൽ 03.70 ആർ സ്ഥലവും പുറമ്പോക്ക് ഇനമായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) ശരിയായ സബ്ഡിവിഷൻ നമ്പർ രേഖപ്പെടുത്തി ലഭിക്കാത്തത് അംഗൻവാടി നിർമ്മാണത്തിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ബാധകമല്ല. |
| (ഡി) ശരിയായ സബ്ഡിവിഷൻ നമ്പർ രേഖപ്പെടുത്തി കിട്ടുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാമോ? | (ഡി) ബ്ലോക്ക് നമ്പർ 37 ൽ റീസർവ്വേ 134/5 ൽ 3.70 ആർ സ്ഥലം അതിർത്തി നിർണ്ണയം ചെയ്തു നൽകണം എന്ന അപേക്ഷയിന്മേൽ താലൂക്ക് സർവെയറുടെ സ്ഥല പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് ചലഞ്ച് ആർട്സ് ക്ലബ്ബ് കെട്ടിടം, കാവ് എന്നിവ സ്ഥിതി ചെയ്യുന്നതായും അപേക്ഷകൻ ചൂണ്ടിക്കാണിച്ചു തന്ന സ്ഥലം 134/4 ന്റെ ഭാഗമായി വരുന്നതായും കണ്ടെത്തിയിട്ടുണ്ട്. സർവെ നമ്പർ സ്ഥിരീകരണം നടത്തി പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് നഗരൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ